# Mathrubhumi

## 23 August 2018

## Aluva, After Flood, Largest Rescue Operation, National Disaster Management Force

# കേരളത്തിൽ നടന്നത് ഏറ്റവും വലിയ രക്ഷാപ്രവർത്തനം - ദേശീയ ദുരന്ത നിവാരണ സേന

ആലുവ ▸ പ്രളയത്തെ തുടർന്ന് കേരളത്തിൽ നടന്ന രക്ഷാദൗത്യങ്ങൾ ദേശീയ ദുരന്തനിവാരണ സേനയുടെ ചരിത്രത്തിലെ ഏറ്റവും വലുതെന്ന് 4 ബറ്റാലിയൻ ചെന്നൈ യൂണിറ്റിലെ ഡെപ്യൂട്ടി കമാൻഡർ ജി. വിജയൻ. ചെന്നൈ യൂണിറ്റിലെ നാല് ടീമാണ് കേരളത്തിൽ രക്ഷാദൗത്യത്തിൽ ഏർപ്പെട്ടത്. ഒരു യൂണിറ്റിൽ 42 മുതൽ 45 വരെ അംഗങ്ങൾ.

പഞ്ചാബ്, ഡൽഹി, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഒഡിഷ, ബംഗാൾ എന്നിവിടങ്ങളിൽ നിന്ന് കൂടുതൽ യൂണിറ്റുകളെത്തി. മൊത്തം 58 യൂണിറ്റുകളിലായി 2600-ഓളം ദുരന്തനിവാരണ സേനാംഗങ്ങൾ രാവും പകലുമില്ലാതെ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയെന്ന് അദ്ദേഹം പറഞ്ഞു. 2014-ൽ ഒഡിഷയിൽ ആഞ്ഞടിച്ച ഹുദ് ഹുദ് ചുഴലിക്കാറ്റിലാണ് ഏറ്റവും കൂടുതൽ യൂണിറ്റിനെ രാജ്യത്ത് ഉപയോഗിക്കേണ്ടി വന്നത്. അന്ന് 51 യൂണിറ്റുകൾ രക്ഷാദൗത്യം ഏറ്റെടുത്ത് എത്തി.



ദേശീയ ദുരന്തനിവാരണ സേനയുടെ ചെന്നൈ യൂണിറ്റിലെ അംഗങ്ങൾ ഡെപ്യൂട്ടി കമാൻഡർ ജി. വിജയനോടൊപ്പം

കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ 18,077 പേരെ വീടുകളിൽനിന്ന് ഒഴിപ്പിക്കാൻ ദുരന്ത നിവാരണ സേന സഹായിച്ചു. 536 പേരെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തി. പ്രളയത്തിൽ മരിച്ച പത്ത് പേരുടെ മൃതശരീരം കണ്ടെത്തിയത് ദുരന്ത നിവാരണ സേനയാണ്. 119 വളർത്തുമൃഗങ്ങളേയും രക്ഷപ്പെടുത്തി. 5,021 പേർക്ക് ആശുപത്രിയിലെത്തിക്കുന്നതിനു മുൻപുള്ള പ്രാഥമിക ചികിത്സ നൽകുകയും ചെയ്തു.

സംസ്ഥാനത്ത് ഒരേസമയം വിവിധ സ്ഥലങ്ങളിൽ ദുരന്തനിവാരണ സേനയുടെ യൂണിറ്റുകൾ രക്ഷാ ദൗത്യം ഏറ്റെടുത്തു. ഇതിൽ ഏറ്റവും ഭയാനകമായത് പെരിയാറിലേതായിരുന്നു.

പൂവ്വത്തുശ്ശേരിയിൽ വെള്ളത്താൽ ചുറ്റപ്പെട്ട വീട്ടിൽ രണ്ട് ദിവസമായി മരിച്ചു കിടക്കുകയായിരുന്ന വൃദ്ധയുടെ മൃതദേഹം കണ്ടെത്താൻ പോയത് വെല്ലുവിളി നിറഞ്ഞ ചുമതലയായിരുന്നു. വട്ടോളി വർഗീസിന്റെ ഭാര്യ സെലീന (65) യാണ് മരണപ്പെട്ടത്.

ഭർത്താവ്, മകൻ, ഭർത്താവിന്റെ മാതാവ് എന്നിവർ രണ്ടു ദിവസമായി മൃതദേഹത്തിന് കാവലിരിക്കുകയായിരുന്നു.

സെലീനയുടെ മൃതദേഹം കണ്ടെത്തണമെന്ന് ഡൽഹിയിൽനിന്ന് നേരിട്ട് നിർദേശം ലഭിച്ചു. പെരിയാറും ചാലക്കുടി പുഴയും ഒന്നിച്ചൊഴുകിയ മേഖലകളിലൂടെ സഞ്ചരിച്ചാണ് മൃതദേഹം കണ്ടെത്തിയത്. ഇവിടെ റോഡിൽ പന്ത്രണ്ടടിയോളം ഉയരത്തിൽ വെള്ളം പൊങ്ങിയിരുന്നു.

വായു നിറച്ച ബോട്ട് ഇതിനിടെ പഞ്ചറായി. നാട്ടുകാരുടെയും ലോറി ഡ്രൈവർമാരുടെയും അകമഴിഞ്ഞ സഹകരണം കൂട്ടായുണ്ടായിരുന്നു. മലയാളിയായ ടി.എം. ഷിജു, എൻ.പി. ബിജു, ബോർബ്ബെ ബബ്ബൻ, ഉത്തം റാവു എന്നിവരാണ് മൃതദേഹം കണ്ടെത്താനുള്ള സംഘത്തിലുണ്ടായിരുന്നത്. സെലീനയുടെ മൃതദേഹം കണ്ടെത്തിയ ശേഷം അതുമായി അവിടെ നിന്ന് പള്ളിയിലേക്കു പോയപ്പോൾ വികാരഭരിതമായ യാത്രയയപ്പാണ് വീട്ടുകാർ നൽകിയത്. സെയ്ന്റ് ജോസഫ് പള്ളിയിൽ മൃതദേഹം എത്തിച്ച ശേഷം രണ്ട് പുരോഹിതർ അന്ത്യകർമങ്ങൾക്ക് നേതൃത്വം നൽകി. വീട്ടുകാരുടെ അസാന്നിധ്യത്തിൻ

മൃതദേഹം അടക്കിയ ശേഷമാണ് ദുരന്തനിവാരണ സേനാംഗങ്ങൾ അവിടെ നിന്നു പോയത്.

രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ് ചെന്നൈ യൂണിറ്റിലുള്ളത്. ഇതിൽ മൂന്ന് മലയാളികളുണ്ട്. ടി.എം. ഷിജു, എൻ.പി. ബിജു, ബാബു സേനൻ എന്നിവരാണ് മലയാളി ടീമംഗങ്ങളെന്ന് കൊല്ലം സ്വദേശിയായ ഡെപ്യൂട്ടി കമാൻഡർ ജി. വിജയൻ പറഞ്ഞു.